

## ജനിതകമാറ്റം വരുത്തിയ മരങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന ഡോക്യുമെന്ററി

# നിശബ്ദ വനങ്ങൾ

സീന സി.എ.

ജനിതകമാറ്റം വരുത്തിയ മരങ്ങൾ ബിടി ട്രീസ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പ്രതിപാദിക്കുന്ന ഡോക്യുമെന്ററിയാണ് എ സൈലന്റ് ഫോറസ്റ്റ്. അമേരിക്കയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ജനിതകമാറ്റം വരുത്തിയ വൃക്ഷങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളാണ് 45 മിനിറ്റു ദൈർഘ്യമുള്ള ഈ ഡോക്യമെന്ററിയുടെ പ്രമേയം. ബിടി ടോക്സിൻ എന്ന വിഷമുള്ള ബാക്ടീരിയയുടെ സാന്നിദ്ധ്യമാണ് ജനിതകമാറ്റം വരുത്തിയ വൃക്ഷങ്ങളുടെ പ്രത്യേകത. ഇത്തരം വൃക്ഷങ്ങൾക്ക് പ്രത്യുല്പാദനശേഷി ഇല്ലായെന്ന് അവകാശപ്പെടുന്നുവെങ്കിലും 5% വൃക്ഷങ്ങൾ വിത്തുകൾ ഉല്പാദിപ്പിക്കുന്നുണ്ട്. ഈ വിത്തുകൾ ആ പ്രദേശത്തെ ആവാസവ്യവസ്ഥയെയും വിത്തുകളുടെ ഘടനയെയും തകർക്കുന്നതെങ്ങനെയാണ് എന്നതാണ് ഈ ഡോക്യൂമെന്ററിയിലൂടെ ചിത്രീകരിച്ചിരിക്കുന്നത്. ബിടി വൃക്ഷങ്ങളുടെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവന്ന അമേരിക്കയിലെ കർഷകരുടെയും ഈ മേഖലയിലെ ശാസ്ത്രജ്ഞരുടെ പ്രതികരണങ്ങളിലൂടെയും ജനിതകമാറ്റം വരുത്തിയ വൃക്ഷങ്ങളും മറ്റ് ഭക്ഷ്യവസ്തുക്കളും നിരോധിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഈ ചിത്രം വിരൽ ചൂണ്ടുന്നു. ബ്രിട്ടീഷ് കൊളംബിയ യൂണിവേഴ്സിറ്റിയിലെ പ്രമുഖ ശാസ്ത്രജ്ഞനായ ഡോ. ഡേവിഡ് സുസുക്കിയാണ് ഈ ചിത്രത്തിന്റെ വിവരണം ചെയ്തിരിക്കുന്നത്. ഇഡ് -ഷെഹൽ സംവിധാനം ചെയ്തിരിക്കുന്ന ഈ ഡോക്യുമെന്ററി www.customflix.co/207574 എന്ന് സൈറ്റിൽ ലഭ്യമാണ്. ജനിതകമാറ്റം വഴി നിശബ്ദമാക്കപ്പെടുന്ന വനങ്ങളുടെയും അതു വഴി നഷ്ടമാകുന്ന പ്രകൃതിയുടെ സന്തുലിതാവസ്ഥയേയും കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് ഈ ഡോക്യുമെന്ററി.

